# തെങ്ങിന്റെ 20000 ചങ്ങാതിമാർ



**മനോജ് മാത്യു**

**കൊച്ചി ●** മൂന്നു കൊല്ലം, 20,000 പേർ. ഇനി, നാളികേരത്തിന്റെ സ്വന്തം നാട്ടിൽ യന്ത്ര സഹായത്തോടെ തേങ്ങയിടാൻ ചുരുങ്ങിയത് 20,000 പേരെങ്കിലുമുണ്ടാകും. മൂന്നു വർഷം മുൻപു നാളികേര വികസന ബോർഡ് ആരംഭിച്ച 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിശീലന പരിപാടിയിലൂടെയാണ് ഇവർ തെങ്ങു കയറാൻ പഠിച്ചത്. പദ്ധതി മൂന്നാം ഘട്ടം പിന്നിടുമ്പോൾ രാജ്യമൊട്ടാകെ 28,000-ത്തിലേറെപ്പേരാണു പദ്ധതിയിലൂടെ തെങ്ങിന്റെ ചങ്ങാതിമാരായത്. നാലാം ഘട്ടത്തിൽ രാജ്യമൊട്ടാകെ 20,000 പേർക്കു കൂടി പരിശീലനം നൽകുകയാണു ബോർഡിന്റെ ലക്ഷ്യം. പരിശീലനം തുടങ്ങിക്കഴിഞ്ഞു.

കേരളത്തിനു പുറമെ, തെങ്ങു കൃഷി വ്യാപകമായ 11 സംസ്ഥാനങ്ങളിലും ലക്ഷദ്വീപിലുമാണു പദ്ധതി നടപ്പാക്കിയത്. യന്ത്ര സഹായത്തോടെ തേങ്ങയിടാൻ അയ്യായിരം പേരെയെങ്കിലും പരിശീലിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണു 2011 ചിങ്ങം ഒന്നിനു നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിക്കു തുടക്കമിട്ടത്. ജില്ലകൾ കേന്ദ്രീകരിച്ചു കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയും കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെയും കൃഷിഭവനുകളുടെയും സഹകരണത്തോടെയാണു പദ്ധതി നടപ്പാക്കിയത്. ഓരോ ജില്ലയിലുമുള്ള കേരോൽപാദക സഹകരണ സംഘങ്ങളുടെ കൂട്ടായ്മയായ ഫെഡറേഷനുകളുടെയും പ്രൊഡ്യൂസർ കമ്പനികളുടെയും സഹകരണവും ഉറപ്പാക്കി.

തിരുവനന്തപുരം, മലപ്പുറം, പാലക്കാട് ജില്ലകളിലാണു തെങ്ങിന് ഏറ്റവുമധികം ചങ്ങാതിക്കൂട്ടമുള്ളത്. മൂന്നു ജില്ലകളിലും രണ്ടായിരത്തിലേറെപ്പേരുണ്ട്. പത്തനംതിട്ട, കോട്ടയം, കാസർകോട് ജില്ലകളിലാണു കുറവ്. ഈ വർഷം മാർച്ച് വരെ 2463 പേരാണു തിരുവനന്തപുരത്തു പരിശീലനം പൂർത്തിയാക്കിയത്. ഏറ്റവും പിന്നിലുള്ള പത്തനംതിട്ടയിൽ 618 പേരും. സ്ത്രീപുരുഷ ഭേദമന്യേയാണു തെങ്ങിനു ചങ്ങാതിമാരെ കണ്ടെത്തുന്നത്. എങ്കിലും ആകെയുള്ള 20,000 പേരിൽ വനിതകളുടെ എണ്ണം കുറവാണ്. കഷ്ടിച്ചു രണ്ടായിരത്തിലേറെ വനിതകൾ മാത്രം.

യഥാസമയം, തേങ്ങയിടാൻ ആളെ കിട്ടാത്തതിനാൽ വൻതുകയുടെ നഷ്ടമുണ്ടാകുന്നതിൽ നിന്നു കർഷകർക്ക് ഒരു പരിധി വരെ സഹായമാകും, ഈ ചങ്ങാതിമാർ. തേങ്ങയിടാൻ ആളില്ലെന്ന കർഷകരുടെ പരാതി പരിഹരിക്കുന്നതിനൊപ്പം യുവാക്കൾക്കു സ്വയം തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യവുമുണ്ട്, പദ്ധതിക്കു പിന്നിൽ. നാൽപത് അടി വരെ ഉയരമുള്ള തെങ്ങിൽ കയറുന്നതിന് 20 രൂപയും അതിനു മുകളിൽ ഉയരമുള്ള തെങ്ങിൽ കയറുന്നതിന് 25 രൂപയുമാണു നാളികേര വികസന ബോർഡ് നിശ്ചയിച്ചിട്ടുള്ള പ്രതിഫലം. തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും മരുന്നു തളിക്കുന്നതിനും മറ്റും 20 രൂപയാണു പ്രതിഫലം നൽകേണ്ടത്. യന്ത്ര സഹായത്തോടെ മണിക്കൂറിൽ 50 മുതൽ 70 വരെ തെങ്ങുകളിൽ കയറാൻ കഴിയും. തെങ്ങുകയറ്റത്തിൽ നിന്ന് അഞ്ചക്ക തുക പ്രതിഫലമായി നേടുന്ന ചങ്ങാതിമാർ കുറവല്ലെന്നു നാളികേര ബോർഡിന്റെ സാക്ഷ്യം. നാളികേര ബോർഡിനു കീഴിൽ റജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉൽപാദക ഫെഡറേഷനുകൾ വഴി നീര ഉൽപാദനവും സംസ്കരണവും ആരംഭിക്കാൻ പദ്ധതിയുണ്ട്. നീര ടെക്നീഷ്യൻമാരാകുവാൻ പരമ്പരാഗത ചെത്തുതൊഴിലാളികൾക്കൊപ്പം തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിലെ മിടുക്കരെയും സർക്കാർ പരിഗണിക്കും. ഇനി തേങ്ങയിടാൻ ആളെ അന്വേഷിക്കുന്നതിനു മുൻപു നാളികേര വികസന ബോർഡിന്റെ വെബ്സൈറ്റ് (www.coconutboard.gov.in) പരിശോധിക്കാം. തെങ്ങിന്റെ ചങ്ങാതിമാരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സൈറ്റിൽ ലഭ്യമാണ്.